

പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടി ധീരമായ നിലപാടെടുത്ത അപൂർവ്വം സർക്കാർ ശാസ്ത്രജ്ഞൻമാരിൽ ഒരാളാണ് ഡോ. വി.എസ് വിജയൻ. സൈലന്റ്‌വാലി, അതിരപ്പിള്ളി, വളന്തക്കാട് തുടങ്ങിയ വിഷയങ്ങളിലും ജൈവ കൃഷിനയമുണ്ടാക്കാനും മുഖ്യ പങ്ക് വഹിച്ചു. സാക്കോൺ മുൻ ഡയറക്ടറും കേരള ജൈവ വൈവിധ്യ ബോർഡ് മുൻ ചെയർമാനും ഇപ്പോൾ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി അംഗവുമായി പ്രവർത്തിക്കുന്ന ഡോ. വി.എസ് വിജയൻ പ്രശസ്ത പക്ഷി നിരീക്ഷനായ ഡോ. സലീം അലിയുടെ ശിഷ്യരിൽ പ്രമുഖനുമാണ്. അദ്ദേഹം കേരളീയത്തിനു നൽകിയ പ്രത്യേക അഭിമുഖം.

**തയാറാക്കിയത് – എസ്.ശരത്, റോബിൻ**

## പാഠം – 1 ഹരിത വിപ്ലവം

# മുലപ്പാലിൽ എങ്ങനെ വിഷമെത്തിക്കാം ?

**കേരള ജൈവവൈവിധ്യ ബോർഡ് ചെയർമാനായിരിക്കെ ചെയ്യാൻ കഴിഞ്ഞ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?**
എല്ലാ സംസ്ഥാനത്തിനും ജൈവവൈവിധ്യ ബോർഡുണ്ടെങ്കിലും അവർ ചെയ്യുന്ന പ്രധാന പ്രവർത്തനം ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറുക്കുക എന്നത് മാത്രമാണ്. ആ രീതി മാറ്റിയെടുക്കാനാണ് ഞാൻ ആദ്യം ശ്രമിച്ചത്. ജൈവവൈവിധ്യ രജിസ്റ്റർ എന്നത് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഒന്നുമാത്രം ആയാൽ മതിയെന്ന് ഞാൻ തീരുമാനിച്ചു. ജൈവവൈവിധ്യത്തിന്റെ സംരക്ഷണം എന്നതും ഒരു മുഖ്യപ്രവർത്തനമായി കേരള ജൈവവൈവിധ്യ ബോർഡ് ഏറ്റെടുത്തു. പൊതുജനത്തിന് സാമ്പത്തിക പ്രയോജനമുണ്ടാകുന്ന തരത്തിൽ ജൈവവൈവിധ്യ സംരക്ഷണം എങ്ങിനെ നടത്താം എന്നായിരുന്നു

ഞങ്ങളുടെ ആദ്യ ആലോചന. അവർക്ക് കൂടി പ്രയോജനമുണ്ടാകുമ്പോൾ മാത്രമാണ് പൊതുജനത്തിന്റെ പങ്കാളിത്തം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയുന്നത്. ഇന്ത്യയിൽ തന്നെ ഉയർന്ന തോതിൽ ജൈവവൈവിധ്യം നശിച്ചുകൊണ്ടിരിക്കുന്ന ജൈവ ആവാസവ്യവസ്ഥയാണ് കാർഷിക ആവാസവ്യവസ്ഥ. കാരണം കാട് സംരക്ഷിക്കാൻ നമുക്കൊരു വകുപ്പും നിയമങ്ങളുമുണ്ട്. എന്നാൽ കാർഷിക ആവാസവ്യവസ്ഥയെ സംരക്ഷിക്കാൻ നമുക്ക് സംവിധാനങ്ങളില്ല. ഡോ. എം.എസ്. സ്വാമിനാഥന്റെ ഹരിത വിപ്ലവം കൂടിവന്നതോടെ അതിന്റെ നാശം വലിയ വേഗത്തിലായി. ഹരിത വിപ്ലവമാണ് കാർഷിക മേഖലയിലെ ജൈവവൈവിധ്യത്തെ നശിപ്പിച്ചത്. അത് എങ്ങിനെ തിരികെപ്പിടിക്കാം എന്നതിനായിരുന്നു കേരള ജൈവ വൈവിധ്യ ബോർഡ് പ്രധാന ഊന്നൽ നൽകിയത്.

സർക്കാർ സ്ഥാപനങ്ങൾ സിവിൽ സൊസൈറ്റി പ്രസ്ഥാനങ്ങളുമായി ചേർന്ന് ഇത്തരം പ്രവർത്തനങ്ങൾ നടത്തിയാൽ വലിയ നേട്ടമുണ്ടാക്കാൻ കഴിയുമെന്നും ഞങ്ങൾക്ക് സ്ഥാപിക്കാൻ കഴിഞ്ഞു. തണലിന്റെ സാങ്കേതിക സഹായത്തോടെ ഞങ്ങൾ ചെയ്ത കാര്യങ്ങളെല്ലാം വിജയമായിരുന്നു. കൃഷിയല്ല, പക്ഷിയായിരുന്നു എന്റെ വിഷയം. എന്നാലും കൃഷിസ്ഥലത്ത് നിന്നും വിഷം മാറ്റണമെന്നത് എന്റെ പ്രധാന ആഗ്രഹമായിരുന്നു. വിഷം മാറ്റിയാൽ മാത്രമേ പക്ഷികൾ അവിടേക്ക് എത്തുകയുള്ളു. കാർഷിക മേഖലയിൽ നിന്നും വിഷം മാറ്റിയെടുക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു ജൈവ കൃഷി നയം ഞങ്ങൾ അവതരിപ്പിക്കുന്നത്. ഒരുപാട് വിമർശനങ്ങൾ അതിന്റെ ഭാഗമായുണ്ടായി. കാർഷികോത്പാദനം കുറയുമെന്നും ക്ഷാമം തിരികെ വരുമെന്നും പറഞ്ഞ് കൃഷി വകുപ്പിലെ ആളുകളും കാർഷിക സർവ്വകലാശാലയിലെ ആളുകളും ഞങ്ങളെ രൂക്ഷമായി വിമർശിച്ചു. മുഖ്യമന്ത്രിയും കൃഷിമന്ത്രിയും ഉറച്ചുനിന്നതിനാൽ മാത്രമാണ് നയം നടപ്പിലാക്കാൻ കഴിഞ്ഞത്. ജൈവ കൃഷി കൊണ്ട് പ്രശ്നമൊന്നുമില്ലെന്ന് തെളിയിക്കണം എന്നത് എന്റെ വാശിയായിമാറി. Restoration of agro biodiverstiry എന്ന തായിരുന്നു ഞങ്ങളുടെ ഉദ്ദേശം. അങ്ങിനെയാണ് പാലക്കാട് പടേറ്റിയിൽ ഞങ്ങൾ നൂറ് ഏക്കർ സ്ഥലത്ത് ജൈവകൃഷി ആരംഭിക്കുന്നത്.

വളരെ പ്രയാസപ്പെട്ടാണ് കർഷകരെ പറഞ്ഞ് മനസിലാക്കിയത്. നഷ്ടം വന്നാൽ ആര് സഹിക്കും എന്നതായിരുന്നു അവരുടെ പ്രധാന ആശങ്ക. അത് ഞാനേൽക്കാമെന്ന് അവരോട് ഒരു മീറ്റിംഗിൽ വച്ച് ഞാൻ സമ്മതിച്ചു. ആദ്യ വർഷം 200 കിലോ ഉത്പാദനം ഒരേക്കറിന് കുറവ് വന്നു. എന്നാലും നല്ല വില കിട്ടി. രണ്ടാമത്തെ വർഷം രാസകൃഷി ചെയ്യുന്നിടത്ത് കിട്ടിയ വിളവിനൊപ്പം നിന്നു. ഇപ്പോൾ മൂന്ന് ടൺ വിളവാണ് കിട്ടുന്നത്. അത് രാസകൃഷിയേക്കാൾ വളരെ കൂടുതലാണ്. നാലാം വർഷമായപ്പോഴേക്കും ഇത് ലാഭകരമാണെന്ന് കർഷകർക്ക് ബോധ്യമായി. കൂടാതെ വെജിറ്റബിൾ ഗാർഡൻ കൂടി ഇപ്പോൾ അവിടെ ആരംഭിച്ചിട്ടുണ്ട്. ആദ്യം ഒരു വീട്ടിൽ തുടങ്ങിയ ജൈവ പച്ചക്കറി തോട്ടം ഇപ്പോൾ 15 വീടുകളിലേക്ക് വ്യാപിച്ചു. പലരും പാട്ടത്തിന് സ്ഥലമെടുത്ത് പച്ചക്കറി കൃഷി ചെയ്യാൻ തുടങ്ങി. 21 വീട്ടുകാർ ഒരാഴ്ചയ്ക്കകം 11,000 രൂപയുടെ പച്ചക്കറി വിറ്റു. പലരും ബയോഗ്യാസ് പ്ലാന്റുകളുണ്ടാക്കി. സൗരോർജ്ജം ഉപയോഗിക്കാൻ തുടങ്ങി. ഔഷധ സസ്യതോട്ടമുണ്ടാക്കി. ശരിക്കും സുസ്ഥിര വികസന മാതൃക എന്ന് പറയാവുന്ന തരത്തിലേക്ക് ആ സ്ഥലം മാറി.



പൊതുവെ ഉപയോഗമില്ലാതെ കിടക്കുന്ന നീർത്തടങ്ങളുടെ സംരക്ഷണത്തിലൂടെ പ്രാദേശിക ജനതയ്ക്ക് അവരുടെ വരുമാനം എങ്ങിനെ വർദ്ധിപ്പിക്കാമെന്നതായിരുന്നു ഞങ്ങൾ മുന്നോട്ട് വച്ച മറ്റൊരു പദ്ധതി. മലപ്പുറം ജില്ലയിലെ വെളിയംകോട് എന്ന സ്ഥലത്തുള്ള കോൾ നീർത്തടമാണ് അതിനായി ഞങ്ങൾ തിരഞ്ഞെടുത്തത്. അവിടെ നാട്ടുകാരുടെ സഹകരണത്തോടെ 200 ഏക്കറിൽ ജൈവകൃഷി ആരംഭിച്ചു. നാല് മാസം മാത്രമാണ് അവിടെ നെൽകൃഷി ചെയ്യാൻ കഴിയുന്നത്.

ബാക്കി എട്ട് മാസം മീൻ വളർത്താൻ തീരുമാനിച്ചു. പ്രാദേശിക മത്സ്യസമ്പത്തിന് എന്ത് സംഭവിക്കുന്നു എന്നെല്ലാം കൃത്യമായി നിരീക്ഷിച്ചുകൊണ്ടാണ് മത്സ്യകൃഷി ആരംഭിച്ചത്. ഒരു കോടി പന്ത്രണ്ട് ലക്ഷം രൂപയുടെ മത്സ്യമാണ് അവിടെ നിന്നും കിട്ടിയത്. പുറത്ത് നിന്നും ഇട്ട മീനുകളെല്ലാം വെജിറ്റേറിയനായിരുന്നതിനാൽ പ്രാദേശിക മീനുകൾക്കൊന്നും ഭീഷണിയുണ്ടായില്ല.

**വെല്ലുവിളികൾ?**

രാഷ്ട്രീയ സമ്മർദ്ദങ്ങൾ പലതുമുണ്ടായെങ്കിലും അർഹിക്കുന്ന പരിഗണന എപ്പോഴും എനിക്ക് ലഭിച്ചിരുന്നു. മെത്രാൻ കായൽ പ്രശ്നത്തിലാണ് എന്റെ നിലപാടുകൾക്കെതിരെ ശക്തമായ എതിർപ്പുണ്ടായത്.

**ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ നടന്ന സ്വതന്ത്ര പഠനങ്ങൾ എന്തെല്ലാമായിരുന്നു?**

സർക്കാർ ആവശ്യപ്പെടാതെ നടത്തിയ പ്രധാന പഠനം അതിരപ്പിള്ളിയുടേതായിരുന്നു. ഡാമിനെതിരെ ചാലക്കുടിപ്പുഴ സംരക്ഷണ സമിതി കൊടുത്ത കേസിൽ എന്നെ റസ്പോണ്ടന്റ് ആയി വച്ചിരുന്നു. അതുകൊണ്ട്, കോടതിയുടെ മുന്നിൽ വരുമ്പോൾ കൃത്യമായി കാര്യങ്ങൾ അവതരിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ആ പഠനം നടത്തിയത്. ചെയർമാൻ സ്ഥാനത്തിരിക്കുന്ന ഞാൻ സർക്കാറിനെതിരെ കോടതിയിൽ പോവുക എന്നത് പ്രയാസമുള്ള കാര്യമായിരുന്നു. എന്നിട്ടും പൊതുതാത്പര്യത്തിന് വേണ്ടി അത് ചെയ്യേണ്ടിവന്നു.

വളന്തക്കാട് ശോഭ ഹൈടെക് സിറ്റി നീർത്തടങ്ങളും കണ്ടൽക്കാടുകളും നശിപ്പിക്കുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ടായിരുന്നു പ്രധാനപ്പെട്ട മറ്റൊന്ന്. പല തവണ അവിടെപ്പോയി കാര്യങ്ങൾ വിശദമായി പഠിച്ച ശേഷമാണ് ഞാൻ



വ്യവസായ വകുപ്പ് സെക്രട്ടറി ബാലകൃഷ്ണനാണ് വളന്തക്കാട്പദ്ധതിക്ക് വേണ്ടി ഏറ്റവും കൂടുതൽ വാദിച്ചത്. കണ്ടൽക്കാടുകൾ നഷ്ടപ്പെടുമെങ്കിൽ അതിന് പകരമായി വേറെ കണ്ടൽ വയ്ക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായീകരണം. മരങ്ങൾ നിങ്ങൾക്ക് വയ്ക്കാൻ കഴിഞ്ഞേക്കും, പക്ഷെ മരം വച്ചാൽ ഇക്കോ സിസ്റ്റം ആകില്ലെന്ന് പറഞ്ഞ് ഞാൻ അദ്ദേഹത്തെ തിരുത്തി.

റിപ്പോർട്ട് കൊടുത്തത്. പ്രോജക്ടിന് അനുമതി കൊടുക്കുന്ന ഏകജാലക ക്ലിയറൻസ് കമ്മിറ്റിയുടെ മീറ്റിംഗിൽ പരിസ്ഥിതി വകുപ്പിന്റെ പ്രതിനിധിയായി എന്നെ വിളിച്ചു. മീറ്റിംഗിൽ പങ്കെടുത്ത മിക്കവരും ശോഭ ഹൈടെക് സിറ്റി പ്രോജക്ട് വളന്തക്കാട് വരണമെന്നായിരുന്നു ആവശ്യപ്പെട്ടത്. കോടിക്കണക്കിന് രൂപയുടെ പദ്ധതിയുടെ വിശദാംശങ്ങൾ വെറും രണ്ട് പേജിൽ മാത്രം ഒതുക്കിയാണ് അവർ തന്നിട്ടുള്ളത്. വിശദാംശങ്ങളൊന്നും അതിൽ ഇല്ല. എന്നിട്ടും വകുപ്പ് സെക്രട്ടറിമാരെല്ലാം പദ്ധതിയെ അനുകൂലിച്ച് സംസാരിച്ചു. അത്തരമൊരു മീറ്റിംഗിൽ ഞാൻ ആദ്യമായാണ് പങ്കെടുക്കുന്നത്. പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന ശോഭ ഹൈടെക് സിറ്റി പോലെയുള്ള ഒരു പ്രോജക്ടിന് അനുമതി നൽക്കുന്ന കാര്യം തീരുമാനിക്കുന്ന യോഗത്തിൽ ഉന്നത ഉദ്യോഗസ്ഥർ കാണിക്കുന്ന അലംഭാവം എന്നെ ചൊടിപ്പിച്ചു. വ്യവസായ വകുപ്പ് സെക്രട്ടറി ബാലകൃഷ്ണനാണ് പദ്ധതിക്ക് വേണ്ടി ഏറ്റവും കൂടുതൽ വാദിച്ചത്. കണ്ടൽക്കാടുകൾ നഷ്ടപ്പെടുമെങ്കിൽ അതിന് പകരമായി വേറെ കണ്ടൽ വയ്ക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായീകരണം. മരങ്ങൾ നിങ്ങൾക്ക് വയ്ക്കാൻ കഴിഞ്ഞേക്കും, പക്ഷെ മരം വച്ചാൽ ഇക്കോ സിസ്റ്റം ആകില്ലെന്ന് പറഞ്ഞ് ഞാൻ അദ്ദേഹത്തെ തിരുത്തി. പ്രശ്നമാകുമെന്ന് തോന്നിയപ്പോഴേക്കും അവർ മീറ്റിംഗ് അവസാനിപ്പിച്ചു. കൂടുതൽ ചർച്ചകൾക്കായി വീണ്ടും മറ്റൊരിക്കൽ കൂടാമെന്ന് പറഞ്ഞ് അന്ന് പിരിഞ്ഞെങ്കിലും പിന്നെ ചർച്ചകളൊന്നും നടന്നിട്ടില്ല.

**ജൈവവൈവിധ്യ ബോർഡുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയം ഏതാണ്?**

അതിരപ്പിള്ളി തന്നെയായിരിക്കും ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ടത്. ഞാൻ വിരമിച്ചതിന് ശേഷവും അതിരപ്പിള്ളിയുമായി ബന്ധപ്പെട്ട വിവാദങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

**ജൈവവൈവിധ്യ രജിസ്റ്ററിന്റെ പ്രാധാന്യമെന്താണ്?**

ജൈവവൈവിധ്യത്തെക്കുറിച്ചുള്ള ഒരു രജിസ്റ്റർ ഇല്ലെങ്കിൽ ജൈവവൈവിധ്യത്തിന്റെ മേൽ നമുക്കുള്ള അവകാശം സ്ഥാപിക്കാൻ കഴിയാതെ വരും. അത് ഒട്ടനവധി പ്രശ്നങ്ങൾക്ക് കാരണമാകും. ഏതെങ്കിലും മൾട്ടിനാഷണൽ മരുന്ന് കമ്പനി നമ്മുടെ ചെടി മരു

ന്നുണ്ടാക്കാനായി ഇവിടെ നിന്നും കൊണ്ടുപോയാൽ അതിനെതിരെ പേറ്റന്റ് നിയമപ്രകാരം കേസ് ഫയൽ ചെയ്യുമ്പോൾ ആ ചെടി നമ്മുടേതാണെന്ന് സ്ഥാപിക്കേണ്ടി വരും. രജിസ്റ്റർ ചെയ്യുക എന്നത് മാത്രമാണ് അതിനുള്ള ഒരേയൊരു വഴി. അതാത് പഞ്ചായത്തുകളി ലാണ് ഈ രജിസ്റ്റർ സൂക്ഷിക്കുന്ന ത്. അതോടെ ആ പഞ്ചായത്തിന്റെ പരിധിയിലുള്ള ജൈവവൈവിധ്യം ആ പഞ്ചായത്തിന്റെ സ്വത്തായി മാറുന്നു. അടുത്ത പഞ്ചായത്തിന് പോലും അനുവാദമില്ലാതെ അതെ ടുക്കാൻ കഴിയില്ല.

**വ്യക്തിയെന്ന നിലയിൽ കൂടുതൽ തൃപ്തികരമായി തോന്നിയത് സാക്കോൺ അനുഭവങ്ങളാണോ ജൈവ വൈവിധ്യ ബോർഡ് ചെയർമാനായിരുന്ന കാല മാണോ?**

സാക്കോണിലെ കാലം എനിക്ക് തൃപ്തികരമായിരുന്നില്ല. ജനങ്ങളോ ടൊത്ത് പ്രവർത്തിക്കാൻ കഴിഞ്ഞത് ജൈവവൈവിധ്യ ബോർഡിൽ വന്ന തിന് ശേഷമാണ്. ജൈവകൃഷി നയം നടപ്പിലാക്കാൻ കഴിഞ്ഞതും എനിക്ക് അതിയായ സന്തോഷമു ണ്ടാക്കിയ കാര്യമാണ്.

**ഡോ. എം.എസ്. സ്വാമിനാ ഥൻ ഉൾപ്പെടെയുള്ള തെറ്റു കൾ മാത്രം ആവർത്തിക്കുന്ന ശാസ്ത്ര ലോകത്തിന്റെ ഇട പെടലുകളെ ശാസ്ത്രജ്ഞൻ എന്ന നിലയിൽ താങ്കൾ എങ്ങിനെയാണ് നോക്കിക്കാ ണുന്നത്?**

ഡോ. എം.എസ്. സ്വാമിനാഥന്റെ പദ്ധതികൾ തെറ്റാണെന്ന് ഞാൻ പണ്ടേ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തെ ക്കുറിച്ച് വ്യക്തമായ ധാരണയുള്ള തുകൊണ്ട് കുട്ടനാട് പാക്കേജ് പോലും ഞാൻ ഇതുവരെ വായിച്ചു നോക്കിയിട്ടില്ല. He is not a committed ecologist. ആദ്യത്തെ ഹരിത വിപ്ലവമുണ്ടാക്കിയ പ്രശ്ന ങ്ങൾ ഇനിയും നമുക്ക് പരിഹരി ക്കാൻ കഴിഞ്ഞിട്ടില്ല. അമ്മയുടെ മുലപ്പാലിൽ വരെ വിഷം കണ്ടെ ത്തി. അന്താരാഷ്ട്ര ജൈവവൈ വിധ്യ വർഷത്തിന്റെ ഭാഗമായി എം. എസ്. സ്വാമിനാഥൻ ഫൗണ്ടേഷന് എന്തെല്ലാം ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ചുള്ള ഒരു ആലോ ചനാ യോഗത്തിൽ ഞാനും പങ്കെ ടുത്തിരുന്നു. എം.എസ്. സ്വാമിനാ ഥനും മീറ്റിംഗിലുണ്ടായിരുന്നു. ഹരിത വിപ്ലവത്തിന്റെ ഭാഗമായി നഷ്ടമായ അഗ്രോ എക്കോ സിസ്റ്റത്തെ എങ്ങിനെ തിരിച്ചുപി ടിക്കാം എന്നതാണ് മുഖ്യമായും ആലോചിക്കേണ്ടത് ഞാൻ തുറന്നു പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും ഉന്ന തനായ കൃഷി ശാസ്ത്രജ്ഞൻ എന്ന നിലയിൽ ഇന്ത്യയെ ഒരു ജി. എം വിരുദ്ധ രാജ്യമായി പ്രഖ്യാപി ക്കാനുള്ള നടപടികൾക്ക് നേതൃത്വം നൽകണമെന്നും ഞാൻ ഡോ.എം. എസ്. സ്വാമിനാഥനോട് ആവശ്യ പ്പെട്ടു. അന്നതിന് അദ്ദേഹം മറുപടി യൊന്നും പറഞ്ഞില്ല. ഇത്രയൊക്കെ പ്രശ്നങ്ങളുണ്ടായിട്ടും വീണ്ടും ഹരിത വിപ്ലവം നടത്തുന്നതിനുള്ള ശ്രമങ്ങളാണ് അദ്ദേഹം നടത്തുന്ന ത്. നാല് കോടി രൂപ ആസൂത്രണ ബോർഡ് അതിനനായി മാറ്റിവച്ചിട്ടു ണ്ട്.

**സംസ്ഥാന കൃഷിവകുപ്പിനെ ചലനാത്മകമാക്കുന്നതിൽ ജൈവവൈവിധ്യ ബോർഡിന്റെ പങ്കെന്താണ്?**

കൃഷി മന്ത്രിയും ബോർഡും തമ്മിൽ നല്ല ബന്ധത്തിലായിരുന്നു. ജൈവകൃഷി നയമെല്ലാം നടപ്പിലാ ക്കാൻ കഴിഞ്ഞത് അതുകൊണ്ടായി രുന്നു. കൃഷിവകുപ്പിൽ ഒരുപാട് ആളുകൾ ജൈവകൃഷിക്ക് ഇപ്പോൾ അനുകൂലമാണ്. രാസകൃഷിക്ക് അനുകൂലമായി നിന്ന പലരേയും പറഞ്ഞ് മാറ്റാൻ ഞങ്ങൾക്ക് കഴി ഞ്ഞിട്ടുണ്ട്. ഓർഗാനിക്ക് കേരള മിഷൻ എന്നാണ് ജൈവകൃഷി പദ്ധ തിയുടെ പേര്. കൃഷിക്കാരും സന്ന ദ്ധസംഘടനകളുമായി ചേർന്ന് അത് നടപ്പിലാക്കാൻ കൃഷി വകുപ്പ് എല്ലാ സഹായങ്ങളും നൽകുന്നു ണ്ട്.

കാർഷിക സർവ്വകലാശാല യിലെ കൃഷി ശാസ്ത്രജ്ഞന്മാരിൽ നിന്നാണ് കൂടുതൽ എതിർപ്പ് നേരി ട്ടത്. അവരെ പൂർണ്ണമായും കുറ്റം പറയാൻ കഴിയില്ല. അവർ പഠിച്ചുവ രുന്ന രീതി അതാണ്. പിന്നെ കർഷ കരോടൊപ്പം കൃഷിയിൽ പങ്കാളിക ളാകാത്തതിന്റെ പരിചയക്കുറവുമു ണ്ട്. ജൈവകൃഷിയുടെ പല വിജയ കഥകളും പുറത്തുവരാൻ തുടങ്ങി യതോടെ പലരുടെയും മനോഭാവം മാറുന്നുണ്ട് എന്നത് ആശാവഹമാ ണ്. ആന്ധ്രയിൽ 22 ലക്ഷം ഏക്കറി ലാണ് ഇപ്പോൾ ജൈവകൃഷി നട ക്കുന്നത്. സംസ്ഥാന സർക്കാർ ഒരു സൊസൈറ്റിയുണ്ടാക്കി, അതിന്റെ നേതൃത്വത്തിലാണ് കൃഷി നടക്കു ന്നത്. ആ കൃഷി വലിയ വിജയമാ യിരുന്നു. ആന്ധ്രയിലെ തന്നെ ഒരു ജില്ലയിൽ 83 വില്ലേജുകൾ പൂർണ്ണ മായും ഓർഗാനിക്കാണ്. ഡെക്കാൺ ഡവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തി ലാണ് പദ്ധതി നടക്കുന്നത്. ഞാൻ അത് നേരിൽ പോയി കണ്ടിരുന്നു. വലിയ മാറ്റമാണ് അവിടെയുണ്ടായി രിക്കുന്നത്. ഇത്തരം വിജയങ്ങൾ കൃഷി ശാസ്ത്രജ്ഞന്മാരിലും മാറ്റ മുണ്ടാക്കുന്നുണ്ട്.

**പശ്ചിമഘട്ട സംരക്ഷണവു മായി ബന്ധപ്പെട്ട ഗാഡ്ഗിൽ കമ്മിറ്റിയിലെ അംഗമെന്ന നിലയിൽ ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തന ങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?**

പശ്ചിമഘട്ടത്തിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഏതെല്ലാമാ ണെന്ന് കണ്ടെത്തുകയാണ് ഒരു പ്രവർത്തനം. വെസ്റ്റേൺഗാട്സ് ഇക്കോളജി അതോറിറ്റി രൂപീകരണ വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങ ളാണ് മറ്റൊന്ന്. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ കണ്ടെത്തുക എന്നത് ശ്രമകരമായ ജോലിയാണ്. വികസനപദ്ധതികൾ മുടക്കാനാ യാണ് ഇത് ചെയ്യുന്നതെന്ന് പലരും പറയുന്നുണ്ട്. എന്നാൽ ഓരോ പ്രദേശത്തിനും അനുകൂലമായ വികസനം ഏതെന്ന് തീരുമാനിക്കാ നുള്ള രൂപരേഖയാണ് ഈ പഠന ത്തിലൂടെ തയ്യാറാകുന്നത്.